**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 266** **23-08-2022 - ൽ മറുപടിയ്ക്ക്**

**ഹോമിയോ ഡിസ്പെൻസറികൾ അനുവദിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം | | ശ്രീമതി വീണാ ജോർജ്ജ് (ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 2017-18 ബഡ്ജറ്റിൽ പുതിയ ഹോമിയോ ആശുപത്രി അനുവദിക്കുന്നതിന് 2210-02-102-73 എന്ന ശീർഷകത്തിൽ തുക വകയിരുത്തുകയും 12.05.2017-ന് വർക്കിങ് ഗ്രൂപ്പ് യോഗം ചേർന്ന് അംഗീകാരം നൽകുകയും ചെയ്ത പ്രകാരം മുപ്പത് പഞ്ചായത്തുകളിൽ പുതിയ ഹോമിയോ ഡിസ്പെൻസറി അനുവദിച്ച് ആയുഷ് ബി വകുപ്പ് ഉത്തരവ് ഇറക്കിയിരുന്നോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; | (എ) | സ.ഉ (കൈ) നം.21/2017/ആയുഷ് തീയതി 13.07.2017 പ്രകാരം 30 ഡിസ്പെൻസറികൾ അനുവദിച്ച് ഉത്തരവായിരുന്നു. |
| (ബി) | പ്രസ്തുത ഉത്തരവ് 27.07.2017-ൽ റദ്ദ് ചെയ്തിരുന്നോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; റദ്ദ് ചെയ്യാനുള്ള കാരണം വ്യക്തമാക്കുമോ; | (ബി) | സ.ഉ(കൈ)നം.24/2017/ആയുഷ് തീയതി 27.07.2017 ഉത്തരവ് പ്രകാരം മേൽ ഉത്തരവ് റദ്ദ് ചെയ്തിട്ടുണ്ട്. പ്രസ്തുത ഹോമിയോപ്പതി ഡിസ്പെൻസറികൾക്ക് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ ധനവകുപ്പിന്റെ വിശദമായ പരിശോധനയ്ക്ക് കൂടി വിധേയമാക്കികൊണ്ട് പുതിയ ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി റദ്ദ് ചെയ്തു. |
| (സി) | പ്രസ്തുത ഉത്തരവിൽ ഉൾപ്പെട്ട ഏതെങ്കിലും പഞ്ചായത്തിൽ പിന്നീട് സർക്കാർ-എൻ.ആർ.എച്ച്.എം. ഹോമിയോ ഡിസ്പെൻസറികൾ അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | മേൽ ഉത്തരവ് പ്രകാരം റദ്ദ് ചെയ്ത ഉത്തരവിൽ ഉൾപ്പെട്ട 10 പഞ്ചായത്തുകളിൽ സ.ഉ.(കൈ)നം.3/2018/ആയുഷ് തീയതി 28.02.2018 പ്രകാരം സർക്കാർ ഹോമിയോ ഡിസ്പെൻസറികൾ അനുവദിച്ചിട്ടുണ്ട്. |
| (ഡി) | റദ്ദ് ചെയ്ത ഉത്തരവിൽ ഉൾപ്പെട്ട മലപ്പുറം ജില്ലയിലെ മുതുവല്ലൂർ ഹോമിയോ ഡിസ്പെൻസറി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ 20/05/2022-ൽ ലഭ്യമാക്കിയ പ്രൊപ്പോസലിൽ മുതുവല്ലൂർ പഞ്ചായത്തും ഉൾപ്പെട്ടിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## കേരള സർക്കാർ

സംഗ്രഹം

ആയുഷ് വകുപ്പ് - വാർഷിക പദ്ധതി 2017-18 - ഹോമിയോപ്പതി വകുപ്പിൽ 30 പുതിയ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് അനുമതി നൽകി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

### ആയുഷ് (ബി) വകുപ്പ്

സ.ഉ.(കൈ) നം.21/2017/ആയുഷ്. തീയതി, തിരുവനന്തപുരം, 13.07.2017.

പരാമർശം : 1) ഹോമിയോപ്പതി വകുപ്പ് ഡയറക്ടറുടെ 28.04.2017-ലെ പി1-3651/2017/ഡി.എച്ച്. നമ്പർ കത്ത്.

2) സ.ഉ.(സാധാ) നം.210/2017/ആയുഷ് തീയതി 26.05.2017.

### ഉത്തരവ്

2017-18 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 30 പുതിയ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള അനുമതി നൽകുന്നതിന് പരാമർശം 1) പ്രകാരം ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ ശുപാർശ സമർപ്പിച്ചിരുന്നു.

2) 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പുതിയ ഹോമിയോ ആശുപത്രികളും/ ഡിസ്പെൻസറികളും ആരംഭിക്കുന്നതിന് 2210-02-102-72 എന്ന ശീർഷകത്തിൽ 100 ലക്ഷം രൂപ അനുവദിക്കുകയും 12.05.2017-ൽ ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പദ്ധതിയ്ക്ക് അംഗീകാരം നൽകുകയും പരാമർശം 2)-ലെ സർക്കാർ ഉത്തരവ് പ്രകാരം ടി പദ്ധതിയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിൽ സർക്കാർ/ എൻ.എച്ച്.എം. ഡിസ്പെൻസറികൾ ഇല്ലാത്ത ചുവടെ ചേർത്തിരിക്കുന്ന പട്ടികയിൽ ഉൾപ്പെട്ട 30 പഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറികൾ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പഞ്ചായത്ത് | ജില്ല |
|---|---|---|
| 1. | പെരിങ്ങളം | കണ്ണൂർ |
| 2. | വളപട്ടണം | കണ്ണൂർ |
| 3. | കാറളം | തൃശ്ശൂർ |
| 4. | താന്ന്യം | തൃശ്ശൂർ |
| 5. | ചൊവ്വന്നൂർ | തൃശ്ശൂർ |
| 6. | ഒഴൂർ | മലപ്പുറം |
| 7. | ഇവ്വൂർ | മലപ്പുറം |
| 8. | മുണ്ടൂർ | പാലക്കാട് |
| 9. | നെല്ലിയാമ്പതി | പാലക്കാട് |
| 10. | തേങ്കുറിശ്ശി | പാലക്കാട് |
| 11. | പറപ്പൂക്കര | തൃശ്ശൂർ |
| 12. | വാടാനപ്പള്ളി | തൃശ്ശൂർ |
| 13. | പൂക്കോട്ടുകാവ് | പാലക്കാട് |

| | | |
|---|---|---|
| 14. | വെള്ളിനേഴി | പാലക്കാട് |
| 15. | വിളയൂർ | പാലക്കാട് |
| 16. | മങ്കട | മലപ്പുറം |
| 17. | കണ്ണമംഗലം | മലപ്പുറം |
| 18. | ചൂണ്ടൽ | തൃശ്ശൂർ |
| 19. | കൊടുമ്പ് | പാലക്കാട് |
| 20. | വല്ലച്ചിറ | തൃശ്ശൂർ |
| 21. | നെല്ലായ | പാലക്കാട് |
| 22. | കാട്ടൂർ | തൃശ്ശൂർ |
| 23. | ദേശമംഗലം | തൃശ്ശൂർ |
| 24. | വടകരപ്പതി | പാലക്കാട് |
| 25. | മുത്തുവല്ലൂർ | മലപ്പുറം |
| 26. | മൂന്നിയൂർ | മലപ്പുറം |
| 27. | മേലാറ്റൂർ | മലപ്പുറം |
| 28. | അകത്തേത്തറ | പാലക്കാട് |
| 29. | കപ്പൂർ | പാലക്കാട് |
| 30. | പെരുവള്ളൂർ | മലപ്പുറം |

4) ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിനാവശ്യമായ ഭൗതിക സാഹചര്യങ്ങളും കെട്ടിടവും അതത് പഞ്ചായത്തുകൾ തന്നെ കണ്ടെത്തേണ്ടതും ഒരോ ഹോമിയോ ഡിസ്പെൻസറികൾക്കും ആവശ്യമായ തസ്തിക സൃഷ്ടിക്കേണ്ടതിന് ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ പ്രത്യേകം പ്രൊപ്പോസൽ സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

വിജയകുമാർ എസ്.
അണ്ടർ സെക്രട്ടറി.

ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ), തൃശ്ശൂർ/ പാലക്കാട്/ മലപ്പുറം/ കണ്ണൂർ (ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ മുഖാന്തിരം)
ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് (ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം.

സെക്ഷൻ ഓഫീസർ.

-13-

8102

**കേരള സർക്കാർ**

സംഗ്രഹം

ആയുഷ് വകുപ്പ് - വാർഷിക പദ്ധതി 2017-18 പ്രകാരം ഹോമിയോപ്പതി വകുപ്പിൽ 30 പുതിയ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് നൽകിയ അനുമതി - റദ്ദാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആയുഷ് (ബി) വകുപ്പ്**

സ.ഉ.(കൈ) നം.24/2017/ആയുഷ് തീയതി, തിരുവനന്തപുരം, 27.07.2017.

പരാമർശം : 1) ഹോമിയോപ്പതി വകുപ്പ് ഡയറക്ടറുടെ 28.04.2017-ലെ പി1-3651/2017/ഡി.എച്ച്. നമ്പർ കത്ത്.

2) സ.ഉ.(കൈ) നം.21/2017/ആയുഷ് തീയതി 13.07.2017.

**ഉത്തരവ്**

2017-18 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 30 പുതിയ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് പരാമർശം 2) പ്രകാരം അനുമതി നൽകിയിരുന്നു.

2) പ്രസ്തുത ഹോമിയോപ്പതി ഡിസ്പെൻസറികൾക്ക് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ധനവകുപ്പിന്റെ വിശദമായ പരിശോധനയ്ക്ക് കൂടി വിധേയമാക്കികൊണ്ട് പുതിയ ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി പരാമർശം 2) പ്രകാരമുള്ള സർക്കാർ ഉത്തരവ് ഇതിനാൽ റദ്ദാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

ആർ വേണുഗോപാലൻ ഉണ്ണിത്താൻ,
അഡീഷണൽ സെക്രട്ടറി.

ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ), തൃശ്ശൂർ/ പാലക്കാട്/ മലപ്പുറം/ കണ്ണൂർ (ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ മുഖാന്തിരം)
ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് (ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്, തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

HOMOEOPATHY
31 JUL 2017
TRIVANDRUM-23.

-15-

2114

കേരള സർക്കാർ

സംഗ്രഹം

ആയുഷ് വകുപ്പ് - ഹോമിയോപ്പതി - വാർഷിക പദ്ധതി 2017-18 - ഹോമിയോപ്പതി വകുപ്പിൽ 10 പുതിയ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആയുഷ് (ബി) വകുപ്പ്**

സ.ഉ.(കൈ) നം.3/2018/ആയുഷ് — തീയതി, തിരുവനന്തപുരം, 28.02.2018.

പരാമർശം : 1) ഹോമിയോപ്പതി വകുപ്പ് ഡയറക്ടറുടെ 28.04.2017-ലെ പി1/3651/2017/ഡി.എച്ച്. നമ്പർ കത്ത്.

2) സ.ഉ.(സാധാ) നം.210/2017/ആയുഷ് തീയതി 26.05.2017.

3) സ.ഉ.(കൈ) നം.21/2017/ആയുഷ് തീയതി 13.07.2017.

4) സ.ഉ.(കൈ) നം.24/2017/ആയുഷ് തീയതി 27.07.2017.

**ഉത്തരവ്**

2017-18 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 30 പുതിയ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള അനുമതി നൽകുന്നതിനുള്ള ശുപാർശ പരാമർശം 1) പ്രകാരം ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു.

2) 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പുതിയ ഹോമിയോ ആശുപത്രികളും/ ഡിസ്പെൻസറികളും ആരംഭിക്കുന്നതിന് 2210-02-102-72 എന്ന ശീർഷകത്തിൽ 100 ലക്ഷം രൂപ അനുവദിക്കുകയും 12.05.2017-ൽ ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് പ്രസ്തുത പദ്ധതിയ്ക്ക് അംഗീകാരം നൽകുകയും പരാമർശം 2)-ലെ സർക്കാർ ഉത്തരവ് പ്രകാരം പ്രസ്തുത തുക വിനിയോഗിക്കുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഹോമിയോപ്പതി വകുപ്പിൽ 30 ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് പരാമർശം 3)-ലെ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നെങ്കിലും ഡിസ്പെൻസറികൾക്ക് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ധനവകുപ്പിന്റെ വിശദമായ പരിശോധനയ്ക്ക് കൂടി വിധേയമാക്കിക്കൊണ്ട് പുതിയ ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി ടി ഉത്തരവ് പരാമർശം 4) പ്രകാരം റദ്ദ് ചെയ്തിരുന്നു.

3) പരാമർശം 2)-ലെ ഉത്തരവ് പ്രകാരം പുതിയ ഹോമിയോ ആശുപത്രികളും/ ഡിസ്പെൻസറികളും ആരംഭിക്കുന്നതിന് അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം ധനവകുപ്പിന്റെ അഭിപ്രായത്തിന് വിധേയമാക്കുകയും 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതനുസരിച്ച് തസ്തിക സൃഷ്ടിക്കുന്നതും മറ്റ് ചെലവുകളും അടുത്ത വർഷമോ ഘട്ടംഘട്ടമായോ പരിഗണിക്കുന്നതാണെന്ന വ്യവസ്ഥയിൽ 10 ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് യോജിപ്പ് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹോമിയോപ്പതി വകുപ്പ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിലും ധന വകുപ്പ് ലഭ്യമാക്കിയ അഭിപ്രായത്തിന്റെ വെളിച്ചത്തിലും നിലവിൽ സർക്കാർ/ എൻ.എച്ച്.എം. ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ നിന്നും തസ്തിക സൃഷ്ടിക്കുന്നതും മറ്റ് ചെലവുകളും അടുത്ത വർഷമോ ഘട്ടംഘട്ടമായോ പരിഗണിക്കുന്നതാണെന്ന വ്യവസ്ഥയിൽ ആദ്യഘട്ടമായി ചുവടെ ചേർത്തിരിക്കുന്ന പട്ടികയിൽ ഉൾപ്പെട്ട 10 പഞ്ചായത്തുകളിൽ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പഞ്ചായത്ത് | ജില്ല |
|---|---|---|
| 1. | പെരിങ്ങളം | കണ്ണൂർ |
| 2. | വളപ്പട്ടണം | |

| | | |
|---|---|---|
| 3. | കാറളം | തൃശ്ശൂർ |
| 4. | താന്ന്യം | |
| 5. | ചൊവ്വന്നൂർ | |
| 6. | പറപ്പൂക്കര | |
| 7. | ഒഴൂർ | മലപ്പുറം |
| 8. | മുണ്ടൂർ | പാലക്കാട് |
| 9. | നെല്ലിയാമ്പതി | |
| 10. | തേങ്കുറിശ്ശി | |

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

ആർ വേണുഗോപാലൻ ഉണ്ണിത്താൻ,
അഡീഷണൽ സെക്രട്ടറി.

ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ), തൃശ്ശൂർ/ പാലക്കാട്/ മലപ്പുറം/ കണ്ണൂർ (ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ മുഖാന്തിരം)
പ്രസിഡന്റ്/ സെക്രട്ടറി, ഗ്രാമ പഞ്ചായത്ത്, പെരിങ്ങലം/ വളപ്പട്ടണം/ കാറളം/ താന്ന്യം/ ചൊവ്വന്നൂർ/ പറപ്പൂക്കര/ ഒഴൂർ/ മുണ്ടൂർ/ നെല്ലിയാമ്പതി/ തേങ്കുറിശ്ശി.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്, തിരുവനന്തപുരം.
ധനകാര്യ (എച്ച്&എൽ-എ) വകുപ്പ്
കരുതൽ ഫയൽ// ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.